**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5315** **02-11-2021 - ൽ മറുപടിയ്ക്ക്**

**മാതൃക മൃഗസംരക്ഷണ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മാതൃക മൃഗസംരക്ഷണ ഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) | മാതൃക മൃഗസംരക്ഷണ ഗ്രാമ പദ്ധതി വഴി മൃഗസംരക്ഷണ മേഖലയിലെ തദ്ദേശീയമായി രൂപപ്പെട്ട് വരുന്ന പ്രോജക്ടുകൾക്ക് വകുപ്പിന്റെ ധനസഹായമായ 5 ലക്ഷം രൂപ വീതം നൽകുന്നു. ടി പദ്ധതി പ്രകാരം അതത് പഞ്ചായത്തുകൾക്ക് വേണമെങ്കിലും വിഹിതം പദ്ധതിക്ക് നൽകാം. പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ എന്നിങ്ങനെ മൃഗസംരക്ഷണ മേഖലയിലെ പദ്ധതികളാണ് മാതൃക മൃഗസംരക്ഷണ ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ, വിശദാംശം നൽകുമോ; | (ബി) | 2021-22 സാമ്പത്തിക വർഷം സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 14 പഞ്ചായത്തുകളിൽ മാതൃക മൃഗസംരക്ഷണ ഗ്രാമ പദ്ധതി നടപ്പിലാക്കുന്നു. 14 പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വീതം ആകെ 70 ലക്ഷം രൂപ നൽകുന്നു. അതത് പഞ്ചായത്തിന് കീഴിലുള്ള മൃഗാശുപത്രിയിലെ വെറ്ററിനറി സർജൻ പ്രോജക്ട് രൂപീകരിച്ച് ജില്ല അധ്യക്ഷന്റെ അംഗീകാരത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കാമോ? | (സി) | സംസ്ഥാനതലത്തിൽ 14 ജില്ലകളിലെയും 14 പഞ്ചായത്തുകളിലാണ് മാതൃക മൃഗസംരക്ഷണ ഗ്രാമ പദ്ധതി നടപ്പിലാക്കി വരുന്നത്. ഓരോ ജില്ലയിലും ജില്ലാമൃഗസംരക്ഷണ ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ, ചീഫ് വെറ്ററിനറി ഓഫീസർ എന്നിവർ ഉൾപ്പെടുന്ന ഒരു സമിതിയാണ് പദ്ധതിയ്ക്ക് അംഗീകാരം നല്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തോടെയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഓരോ പഞ്ചായത്തുകളിലെയും മൃഗസംരക്ഷണമേഖലയിലെ പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ പദ്ധതികളിൽ താല്പര്യമുള്ളവരെ കണ്ടെത്തി ഗ്രൂപ്പുകളായി |

| | | | |
|---|---|---|---|
| | | | തിരിക്കുകയും, ഒരോ വിഭാഗത്തിന്റെയും ആവശ്യപ്രകാരം ഉല്പാദനം, സംഭരണം, വിപണനം, അതുപോലെ ഈ മേഖലയുടെ വളർച്ചയ്ക്ക് വേണ്ട കാര്യങ്ങളെക്കുറിച്ചുള്ള വിശദീകരണങ്ങളും നല്കിവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 14 മാതൃകാ മൃഗസംരക്ഷണ ഗ്രാമങ്ങൾ

| ക്രമ നമ്പർ | ജില്ല | | മൃഗസംരക്ഷണ ഗ്രാമങ്ങൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | - | കരകുളം പഞ്ചായത്ത് |
| 2 | കൊല്ലം | - | കുണ്ടറ പഞ്ചായത്ത് |
| 3 | പത്തനംതിട്ട | - | പള്ളിക്കൽ പഞ്ചായത്ത് |
| 4 | ആലപ്പുഴ | - | കടക്കരപ്പള്ളി പഞ്ചായത്ത് |
| 5 | കോട്ടയം | - | തലനാട് പഞ്ചായത്ത് |
| 6 | ഇടുക്കി | - | അയ്യപ്പൻകോവിൽ പഞ്ചായത്ത് |
| 7 | എറണാകുളം | - | പള്ളിപ്പുറം പഞ്ചായത്ത് |
| 8 | തൃശ്ശൂർ | | മാടക്കത്തറ പഞ്ചായത്ത് |
| 9 | പാലക്കാട് | - | ഷോളയൂർ പഞ്ചായത്ത് |
| 10 | മലപ്പുറം | - | ആനക്കയം പഞ്ചായത്ത് |
| 11 | കോഴിക്കോട് | - | ചെറുവണ്ണൂർ പഞ്ചായത്ത് |
| 12 | വയനാട് | - | തവിഞ്ഞാൽ പഞ്ചായത്ത് |
| 13 | കണ്ണൂർ | - | ചിറ്റാരിപറമ്പ് പഞ്ചായത്ത് |
| 14 | കാസറഗോഡ് | - | വോർക്കാടി പഞ്ചായത്ത് |

സെക്ഷൻ ഓഫീസർ